**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 668** **17-09-2025 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല, വെള്ളറട ഗ്രാമപഞ്ചായത്തിലെ വീവേഴ്സ് കോളനിയിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്ന പാറശ്ശാല ഗ്രാമപഞ്ചായത്തിലെ നെട്ടുവാൻവിള വീവേഴ്സ് കോളനിയിലേയും വെള്ളറട ഗ്രാമപഞ്ചായത്തിലെ വീവേഴ്സ് കോളനിയിലേയും താമസക്കാർക്ക് നാളിതുവരെ പട്ടയം ലഭ്യമായിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വ്യവസായവകുപ്പിന്റെ കീഴിൽ വരുന്ന പാറശ്ശാല ഗ്രാമപഞ്ചായത്തിലെ നെട്ടുവാൻവിള വീവേഴ്സ് കോളനിയിലേയും വെള്ളറട ഗ്രാമപഞ്ചായത്തിലെ വീവേഴ്സ് കോളനിയിലേയും താമസക്കാർക്ക് പ്രസ്തുത ഭൂമിയുടെ പട്ടയം ലഭ്യമായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിലെ പാറശാല പ്രൊഗ്രസീവ് നെയ്ത്ത് ഉത്പാദക സഹകരണസംഘത്തിന്റെ പേരിൽ പാറശാല നെട്ടു വാൻവിള ഹൗസിംഗ് കോളനിയിൽ 37.80 ആർ സ്ഥലം ഉണ്ട്. പ്രസ്തുത സ്ഥലത്ത് 18 കുടുംബങ്ങൾ താമസിക്കുന്നതും, സംഘം വക സ്ഥലത്ത് ഉപയോഗ യോഗ്യമായ 2 വർക്ക്ഷെഡ് കെട്ടിടങ്ങൾ ഉള്ളതുമാണ്. നെയ്ത്തു തൊഴിലാളികളെ ലഭിക്കാത്തത് കാരണം 25 വർഷത്തോളമായി പ്രസ്തുത സംഘം പ്രവർത്തനരഹിതമാണ്. ടി സംഘം സമാപ്തീകരിക്കുന്നതിനായി ലിക്വിഡേഷൻ ഇൻസ്പെക്ടറെ നിയമിക്കുകയും സഹകരണ നിയമം അനുശാസിക്കും വിധമുള്ള നടപടികൾ സ്വീകരിച്ച് ലിക്വിഡേഷൻ നടപടികൾ പൂർത്തികരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിലെ പാറശാല കൊവില്ലൂർ കൈത്തറി നെയ്ത്തു സഹകരണ സംഘത്തിന് വെള്ളറട വില്ലേജിൽ ആറാട്ട്കുഴി എന്ന സ്ഥലത്ത് 26.88 ആർ സ്ഥലം സ്വന്തമായിട്ടുണ്ട്. പ്രവർത്തനം നിലച്ചിരുന്ന സംഘത്തിനെ 1990-ൽ പുനരുജ്ജീവിപ്പിക്കുകയുണ്ടായി. പ്രവർത്തനം നിലച്ചതും പുനരുജ്ജീവിപ്പിക്കുകയും ചെയ്ത കാലത്തിനിടയിൽ താമസം ഉറപ്പിച്ച 12 കുടുംബങ്ങൾ സംഘത്തിന്റെ ഭൂമിയിലുണ്ട്. എന്നാൽ, ഇപ്പോൾ താമസം ഉള്ളവർ ആരും തന്നെ സംഘത്തിലെ അംഗങ്ങൾ അല്ല. പിന്നീട് 23/03/2025-ൽ ചേർന്ന സംഘം പൊതുയോഗത്തിൽ, സംഘം ഭൂമിയിൽ |

| | | | |
|---|---|---|---|
| | | | അനധികൃതമായി താമസിക്കുന്നവർ നെയ്ത്തുകാർ അല്ലാത്തതിനാൽ അവരെ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന തിനും പ്രസ്തുത ഭൂമിയുടെ നാളിതുവരെയുള്ള കരം ഒടുക്കുന്നതിനും തീരുമാനിക്കുകയും അതിനായി വെള്ളറട വില്ലേജ് ഓഫീസിൽ സംഘം അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് |
| (ബി) | പ്രസ്തുത ഭൂമിയ്ക്ക് പട്ടയം ലഭിക്കുന്നതിന് നിയമതടസ്സമുണ്ടോയെന്നും വ്യവസായ വകുപ്പിന് ഈ ഭൂമിയിൽ ബാധ്യതകൾ നിലവിലുണ്ടോയെന്നുമുള്ള വിവരം ലഭ്യമാക്കാമോ; | (ബി) | തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഗ്രാമപഞ്ചായത്തിലെ നെടുവാൻവിള വീവേഴ്സ് കോളനി, വെള്ളറട ഗ്രാമപഞ്ചായത്തിലെ വീവേഴ്സ് കോളനി എന്നിവ സ്ഥിതി ചെയ്യുന്നത് യഥാക്രമം വ്യവസായവകുപ്പിനു കീഴിലുള്ള പാറശാല പ്രൊഗ്രസീവ് നെയ്ത്ത് ഉത്പാദക സഹകരണ സംഘം, പാറശാല കൊവില്ലൂർ കൈത്തറി നെയ്ത്തു സഹകരണ സംഘം എന്നീ നെയ്ത്തു സഹകരണ സംഘങ്ങളുടെ ഭൂമിയിലാണ്.<br><br>കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സഹകരണ സംഘങ്ങളുടെ വസ്തു കൈയ്യേറുന്നതിനോ കൈമാറ്റം ചെയ്യുന്നതിന് നിലവിലെ സാഹചര്യത്തിൽ സാധ്യമല്ല.<br><br>പാറശാല പ്രൊഗ്രസീവ് നെയ്ത്ത് ഉത്പാദക സഹകരണ സംഘം ലിക്യുഡേഷനിലായതിനാൽ അതു പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ബാധ്യത സംബന്ധിച്ച് അറിയുവാൻ സാധിക്കുകയുള്ളൂ.<br><br>എന്നാൽ വെള്ളറട വീവേഴ്സ് കോളനി ഭൂമിയുടെ ഉടമസ്ഥതയുള്ള പാറശാല കൊവില്ലൂർ കൈത്തറി നെയ്ത്തു സഹകരണ സംഘത്തിന് 2018-19 ആഡിറ്റ് പ്രകാരം 2,35,590/- രൂപ (രണ്ടു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ് രൂപ) യുടെ ബാധ്യത കണക്കാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രദേശത്ത് താമസിക്കുന്നവരുടെ കൈവശഭൂമിയ്ക്ക് റവന്യൂ വകുപ്പ് മുഖാന്തിരം പട്ടയം ലഭ്യമാക്കുന്നതിന് വ്യവസായ വകുപ്പ് നടപടികൾ കൈക്കൊള്ളുമോ എന്നത് അറിയിക്കാമോ; വിശദമാക്കുമോ? | (സി) | തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഗ്രാമപഞ്ചായത്തിലെ നെടുവാൻവിള വീവേഴ്സ് കോളനി, വെള്ളറട ഗ്രാമപഞ്ചായത്തിലെ വീവേഴ്സ് കോളനി എന്നിവ സ്ഥിതി ചെയ്യുന്നത് യഥാക്രമം വ്യവസായവകുപ്പിനു കീഴിലുള്ള പാറശാല പ്രൊഗ്രസീവ് നെയ്ത്ത് ഉത്പാദക സഹകരണ സംഘം, പാറശാല കൊവില്ലൂർ കൈത്തറി നെയ്ത്തു സഹകരണ സംഘം എന്നീ നെയ്ത്തു സഹകരണ സംഘങ്ങളുടെ ഭൂമിയിലാണ്.<br><br>കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സഹകരണ സംഘങ്ങളുടെ വസ്തു കൈയ്യേറുന്നതിനോ കൈമാറ്റം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിന് നിലവിലെ സാഹചര്യത്തിൽ സാധ്യമല്ല.<br><br>പാറശാല പ്രോഗ്രസീവ് നെയ്ത്ത് ഉത്പാദക സഹകരണ സംഘം ലിക്യുഡേഷനിലായതിനാൽ അതു പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ബാധ്യത സംബന്ധിച്ച് അറിയുവാൻ സാധിക്കുകയുള്ളൂ.<br><br>എന്നാൽ വെള്ളറട വീവേഴ്സ് കോളനി ഭൂമിയുടെ ഉടമസ്ഥതയുള്ള പാറശാല കൊവില്ലൂർ കൈത്തറി നെയ്ത്തു സഹകരണ സംഘത്തിന് 2018-19 ആഡിറ്റ് പ്രകാരം 2,35,590/- രൂപ (രണ്ടു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ് രൂപ) യുടെ ബാധ്യത കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ